പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 827 01.03.2017-ൽ മറുപടിയ്ക്ക്

## 'ഗദ്ദിക' എന്ന പേരിൽ കലാ സാംസ്കാരിക മേള


ചോദ്യം
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.ഒ. ആർ. കേളു
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.പി. ഉണ്ണി

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്
മന്ത്രി)


| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | അന്യം നിൽക്കുന്ന ഗോത്ര വർഗ്ഗ സംസ്കൃതിയും പാരമ്പര്യവും കാത്തു സൂക്ഷിച്ച് അതിന്റെ സ്വത്വവും മൂല്യവും തിരിച്ചു പിടിക്കുന്നതിനായി 'ഗദ്ദിക' എന്ന പേരിൽ കലാ സാംസ്കാരിക മേള സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | എ) | ഉണ്ട്. 2016 ഡിസംബർ 19 മുതൽ 28 വരെ പാലക്കാട് ജില്ലയിൽ വടക്കാംഞ്ചേരിയിൽ വച്ചും. 2017 ജനവരി 21 മുതൽ 30 വരെ കോഴിക്കോട് ജില്ലയിൽ വളയത്തുവച്ചും 'ഗദ്ദിക' എന്ന പേരിൽ കലാ സാസ്കാരിക മേള സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത മേളയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | ബി) | അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ കലകൾ സംരക്ഷിച്ച് പരിപോഷിപ്പിക്കുകയും അവ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നതിനും പട്ടികജാതി പട്ടികവർഗ്ഗക്കാർ പരമ്പരാഗതമായി ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയുമാണ് ഗദ്ദിക മേളയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| സി) | ആദിവാസി സമൂഹത്തിന്റെ തനത്-പരമ്പരാഗത ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിറ്റഴിക്കാനും അവരുടെ വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കാനും എന്തെല്ലാം | സി) | ആദിവാസി സമൂഹത്തിന്റെ പരമ്പരാഗത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആധുനിക രീതിയിലുള്ള ആകർഷകമായ സ്റ്റാളുകളാണ് ഒരുക്കിയത്. ഇവർ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ മേള സ്ഥലത്ത് എത്തിക്കുന്നതിനുള്ള ചെലവും |

| | | | |
|---|---|---|---|
| | സൗകര്യങ്ങളാണ് പ്രസ്തുത മേളയിൽ ഒരുക്കിയിരിക്കുന്നത്; വിശദമാക്കാമോ. | | [illegible] യാത്രാപ്പടിയും, ഭക്ഷണം കൂടാതെ ദിനബത്ത ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു ദിവസത്തേക്ക് 500/- രൂപ വീതം നൽകുന്നുണ്ട്. മാത്രമല്ല 10 ദിവസവും ഭക്ഷണവും നൽകിയിട്ടുണ്ട്. കൂടാതെ കലാ പരിപാടികൾ അവതരിപ്പിക്കുന്നതിന് എത്തുന്ന പട്ടികവർഗ്ഗ കലാകാരൻമാർക്ക് താമസസൗകര്യവും, ഭക്ഷണവും, ദിനബത്ത ഇനത്തിൽ 2000/- രൂപയും, യാത്രാപ്പടിയും നൽകുന്നുണ്ട്. വടക്കാംഞ്ചേരിയിലെ വിപണനമേളയിൽ 38 ലക്ഷം രൂപയുടെയും, വളയത്തെ മേളയിൽ 40 ലക്ഷം രൂപയുടെയും ഉൽപ്പന്നങ്ങൾ വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ഡി) | ആദിവാസി വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സെമിനാറുകളും സാംസ്കാരിക സായാഹ്നങ്ങളും മേളയോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ ; | ഡി) | ഗദ്ദികയിൽ ആദിവാസി വിഭാഗങ്ങളുമായി ബന്ധപ്പെട്ട് സെമിനാറുകളും സാംസ്കാരിക സായാഹ്നങ്ങളും സംഘടിപ്പിച്ചിരുന്നു.<br>ഗദ്ദിക 2016-17 പാലക്കാട്, കോഴിക്കോട് ജില്ലകളിൽ സംഘടിപ്പിച്ചപ്പോൾ എല്ലാ ദിവസവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ കലാ, സാംസ്കാരിക പ്രവർത്തകർ പങ്കെടുത്ത സെമിനാറുകളാണ് നടത്തിയത്. |
| ഇ) | ആരുടെയെല്ലാം പങ്കാളിത്തത്തോടെ യാണ് മേള സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ? | ഇ) | പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് വകുപ്പ് എന്നിവ സംയുക്തമായാണ് പ്രസ്തുത മേള സംഘടിപ്പിച്ചത്. സാംസ്കാരികവകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളും സഹകരിച്ചു. |

സെക്ഷൻ ഓഫീസർ